## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.250      12.01.2021 ൽ മറുപടിക്ക്

### സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

| ചോദ്യം<br><br>ശ്രീ.എൻ.ഷംസുദീൻ: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം അട്ടപ്പാടി കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് അനുവദിച്ചത് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽ നിന്നും താഴെപറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br>20.04.2020 -ന് - 1 കോടി 20 ലക്ഷം<br>25.08.2020 -ന് - 1 കോടി 20 ലക്ഷം<br>ആകെ - 2 കോടി 40 ലക്ഷം |
| (ബി) | ആദിവാസി രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ചെലവായ തുക ഇതുവരെയും ആശുപത്രി അധികൃതർക്ക് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (ബി) യും (സി) യും | 20.04.2020-ന് അനുവദിച്ച 1 കോടി 20 ലക്ഷം രൂപ 19.05.2020-ന് കോട്ടത്തറ ആശുപത്രിയ്ക്ക് നൽകി. 25.08.2020 ന് അനുവദിച്ച 1 കോടി 20 ലക്ഷം രൂപ 04.01.2021 ന് കോട്ടത്തറ ആശുപത്രിയ്ക്ക് നൽകി. |
| (സി) | പ്രസ്തുത തുക ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ